മലിനീകരണം നിരീക്ഷിക്കാൻ സംവിധാനം

16 (*646) ശ്രീ. വർക്കല കഹാർ :

ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലിനീകരണം നിരീക്ഷിക്കാനും അവ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങളെ അറിയിക്കുവാനും എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത് ;

(ബി) ഇതിനായി മലിനീകരണ നിയന്ത്രണ ബോർഡ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഇതുസംബന്ധിച്ച അവബോധം പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും എത്തിക്കാൻ നടപടികൾ എടുക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ&ബി) സംസ്ഥാനത്തെ ജല സ്രോതസ്സുകളുടെയും അന്തരീക്ഷ വായുവിന്റെയും ഗുണനിലവാരം നിർണ്ണയിക്കുന്നതിനായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ നാഷണൽ ആംബിയന്റ് വാട്ടർ/എയർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും ബോർഡിന്റെ തന്നെ സ്റ്റേറ്റ് ആംബിയന്റ് വാട്ടർ/എയർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും ഉൾപ്പെടുത്തി സംസ്ഥാനത്ത് ജല/വായു പരിശോധന നടത്തിവരുന്നു. എല്ലാ വർഷവും ജൂൺ 5 പരിസ്ഥിതി ദിനത്തിൽ മേൽ പരിശോധനകളുടെ അടിസ്ഥാനത്തിൽ ബോർഡ് ജല-വായു ഗുണനിലവാര ഡയറക്ടറി പ്രസിദ്ധീകരിച്ചു വരുന്നു. പെരിയാർ നദിയിൽ മേത്താനം ഭാഗത്ത് ബോർഡ് ജല ഗുണ നിലവാരം തുടർച്ചയായി നിർണ്ണയിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ ഏലൂർ വ്യവസായ മേഖലയിൽ അന്തരീക്ഷ വായു ഗുണനിലവാരം തത്സമയം പരിശോധിക്കുന്നതിനുള്ള ഉപകരണം പാതാളം ഇ.എസ്.ഐ. ആശുപത്രിയുടെ മുകളിൽ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്നു. പട്ടം, പ്ലാമൂട് ജംഗ്ഷനിൽ 24 മണിക്കൂറും തുടർച്ചയായി തത്സമയ വായു ഗുണനിലവാരം പരിശോധിക്കുന്ന ഒരു മോണിറ്ററിംഗ് സ്റ്റേഷൻ (കണ്ടിന്യൂവസ് ആമ്പിയന്റ് എയർ) സ്ഥാപിച്ച് 2015 ജനുവരിയിൽ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ടി പരിശോധനാ ഫലങ്ങൾ ബോർഡിന്റെ വെബ്സൈറ്റിലും

LIBRARY ARCHIVES Kerala Legislative Assembly

നൽകിവരുന്നു. ഇതുകൂടാതെ വൈറ്റിലയിൽ വായു ഗുണനിലവാരം തുടർച്ചയായി അളന്ന് അപ്പപ്പോൾ പ്രദർശിപ്പിക്കാൻ ഒരു കണ്ടിന്യൂവസ് ആമ്പിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് ആന്റ് ഡിസ്പ്ലേ സ്റ്റേഷൻ സ്ഥാപിക്കാൻ കൊച്ചി റിഫൈനറിയുമായി ചേർന്ന് നടപടി സ്വീകരിച്ചുവരുന്നു. കോഴിക്കോട് കോർപ്പറേഷൻ ഏരിയകളിൽ തുടർച്ചയായി അന്തരീക്ഷ വായു ഗുണ നിലവാരം അളക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനുമായുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. താരതമ്യേന മലിനീകരണ സാധ്യത കൂടുതലുള്ള സ്ഥാപനങ്ങൾക്ക് ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിവരുന്നു. പെരിയാറിന്റെ ഏലൂർഭാഗത്തെ മലിനീകരണം നിരീക്ഷിക്കാനായി പെരിയാറിന്റെ ഇരു കരകളിലുമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന 8 സർവൈലൻസ് ക്യാമറകൾ ബോർഡ് സ്ഥാപിച്ചിരിക്കുന്നു.

(സി) മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയതിനു പുറമേ പൊതുജനങ്ങളുടെ അവബോധത്തിനായി നടത്തുന്ന സെമിനാറുകളിലും ലോക പരിസ്ഥിതി ദിനം തുടങ്ങിയ അവസരങ്ങളിലും ലഘുലേഖകൾ വഴി മേൽപ്പറഞ്ഞ സംവിധാനങ്ങളുടെ വിവരം പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും എത്തിക്കാൻ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിന് നടപടികൾ

17 (*647) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഇതിനുവേണ്ടി നിയമനിർമ്മാണം നടത്തുന്നകാര്യം പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ നിയമ നിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) നിയമപരിഷ്കരണ നടപടികളുടെ ഭാഗമായി ശ്രീ. കെ. എം. മാണി (മുൻ റവന്യൂവും നിയമവകുപ്പും മന്ത്രി എന്ന നിലയിൽ) അദ്ധ്യക്ഷനായും ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ

LIBRARY ARCHIVES Kerala Legislative Assembly